IV സബ്മിഷൻ

മി. സ്പീക്കർ : സബ്മിഷൻ തുടങ്ങുന്നതിനുമുമ്പ് ചെയർ ഒരുകാര്യം വ്യക്തമാക്കാനാഗ്രഹിക്കുന്നു. ഇന്ന് ഇരുപത്തിയേഴ് സബ്മിഷൻ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ഉന്നയിക്കുന്ന ബഹുമാന്യരായ അംഗങ്ങളും മറുപടി പറയുന്ന ബഹുമാന്യരായ മന്ത്രിമാരും വളരെ ചുരുക്കി പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

1. റിലയൻസിന് നൽകുന്ന ആനുകൂല്യങ്ങൾ

10.40 AM]

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നമ്മുടെ സംസ്ഥാനത്ത് ഒപ്റ്റിക് ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനായി റിലയൻസിന് വൻ ആനുകൂല്യങ്ങളാണ് സർക്കാർ നൽകിയിരിക്കുന്നത്. ടാർ റോഡിലൂടെ ഒന്നരയടി വീതിയിൽ ചാലുകൾ കീറിയാണ് ഒപ്റ്റിക് ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നത്. 2010-ൽ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ റോഡുകളിലൂടെ ചാലുകൾതോണ്ടി കേബിളുകൾ സ്ഥാപിക്കുന്നതിന് പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് 30-10-2010-ൽ വിവരസാങ്കേതിക വകുപ്പ് 16/2010 എന്ന നമ്പരിൽ ഉത്തരവിറക്കിയിട്ടുണ്ട്. ഈ ഉത്തരവുപ്രകാരം ടാർ റോഡിലൂടെ കേബിളുകൾ സ്ഥാപിക്കുന്ന കമ്പനികൾ Right of the way നിബന്ധന അനുസരിച്ച് കേബിളുകൾ കടന്നുപോകുന്ന ജില്ലകളിലെ ജില്ലാ/ ബ്ലോക്ക് ഓഫീസുകൾക്കും സ്ഥലത്തെ സ്കൂളുകൾക്കും അക്ഷയ കേന്ദ്രങ്ങൾക്കും കണക്ടിവിറ്റി സൗജന്യമായി നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന ആവശ്യമില്ലാത്തതാണെന്ന് ചൂണ്ടിക്കാട്ടി അന്നത്തെ കേന്ദ്രമന്ത്രിയും ഇപ്പോൾ 2 ജി സ്പെക്ട്രം അഴിമതി കേസിലെ പ്രതിയുമായ രാജയുടെ കത്തുമായി സർക്കാരിനെ സമീപിച്ചിരുന്നു. ഇടതുപക്ഷ സർക്കാർ അദ്ദേഹത്തിന്റെ കത്തിന് യാതൊരു വിലയും കൽപ്പിച്ചില്ല. എന്നാൽ ഇപ്പോൾ യു.ഡി.എഫ്. സർക്കാർ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്ന നിബന്ധനകളിൽ ഇളവ് ചെയ്തുകൊടുത്തിരിക്കുകയാണ്. ഇത്തരം ഇളവ് ആവശ്യമില്ലെന്ന് ഐ.ടി.മിഷൻ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നാണ് ഇപ്രകാരം ഇളവ് നൽകുന്നതിന് സർക്കാർ പറയുന്ന ന്യായം. സ്കൂളുകൾക്കും ഓഫീസുകൾക്കും നൽകുന്ന സൗജന്യ കണക്ടിവിറ്റിക്ക് പകരം ഐ.ടി.മിഷന് കണക്ഷൻ നൽകിയാൽ മതിയെന്നുമാണ് ഇദ്ദേഹം പറയുന്നത്. ഐ.ടി. മിഷൻ ഡയറക്ടർക്ക് ബാൻഡ് വിഡ്ത്തും കണക്ടിവിറ്റിയും തമ്മിലുള്ള വ്യത്യാസം അറിയാത്തതുകൊണ്ടാണോ അതോ റിലയൻസിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹായം ചെയ്യുകൊടുക്കാൻ സർക്കാർ നിർദ്ദേശിച്ചതുകൊണ്ടാണോ എന്നറിയാൻ ആഗ്രഹമുണ്ട്. 2010-ലെ ഉത്തരവിൽ ഇളവ് വരുത്താൻ സർക്കാർ എടുത്ത തീരുമാനം എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണമെന്നും പ്രസ്തുത നിബന്ധനകൾ പാലിക്കാത്ത കമ്പനിക്ക് ബാൻഡ് വിഡ്ത്ത് ഗ്യാരന്റി മടക്കിക്കൊടുക്കാനുള്ള തീരുമാനം അടിന്തരമായി പിൻവലിക്കണമെന്നും സർക്കാർ ഓഫീസുകൾക്കും സ്കൂളുകൾക്കും അക്ഷയ കേന്ദ്രങ്ങൾക്കും ഉൾപ്പെടെ കണക്ഷൻ നൽകാനുള്ള നിബന്ധനയിൽ ഒരിളവും വരുത്താൻ പാടില്ലായെന്നും ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്. ഇപ്പോൾ നമ്മുടെ റോഡുകളിൽ റിലയൻസ് എടുക്കുന്ന ചാലുകൾ മുമ്പെടുത്തതുപോലെ ഒരിഞ്ച് വീതിയിലുള്ളതല്ല. അതനുസരിച്ച് കൂടുതൽ ബാൻഡ് വിഡ്ത്ത് ലഭിക്കുന്ന തരത്തിൽ നിബന്ധന കർശനമാക്കണം. നമ്മുടെ നിരത്തുകളിലൂടെ ഒന്നരയടി വീതിയിൽ റിലയൻസ് എടുത്തിരിക്കുന്ന ചാലുകൾ റീ-ടാർ ചെയ്തിരിക്കുന്നത് പി.ഡബ്ല്യു.ഡി. നിബന്ധനകൾക്കനുസരിച്ചല്ല. ഇതുമൂലം നമ്മുടെ റോഡുകളിലാകെ വൻഗർത്തങ്ങൾ രൂപംകൊണ്ടിരിക്കുകയാണ്. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് അവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

10.44 AM]

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച വിഷയം പ്രധാനപ്പെട്ട തുതന്നെയാണ്. ആദ്യംതന്നെ പറയാനുള്ളത് എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഗൈഡ്ലൈൻസിൽ ഭേദഗതി വരുത്തിയിട്ടില്ല എന്നതാണ്; അത് ഒന്നുകൂടി ശക്തിപ്പെടുത്തുകയാണ് ചെയ്തത്. 2010-ലെ ഉത്തരവുപ്രകാരം നെറ്റ്വർക്കിംഗ് സർവ്വീസ് പ്രൊവൈഡർമാർ ഓപ്പറേറ്റിംഗ് സെന്ററുകൾക്ക് 10 MBPS, 4 MBPS തുടങ്ങിയ കണക്ടിവിറ്റി നൽകണമെന്ന് പറഞ്ഞിരുന്നു. അതായത്, ഓപ്പറേറ്റിംഗ് സെന്ററുകൾക്ക് 10 MBPS ജില്ലാ, ബ്ലോക്ക് തുടങ്ങിവയ്ക്ക് 4 MBPS, കേബിൾ റൂട്ട് കടന്നുപോകുന്ന സ്ഥലങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കണക്ഷൻ തുടങ്ങിയ കാര്യങ്ങളാണ് ഉത്തരവിൽ പറഞ്ഞിരുന്നത്. ഇപ്പോൾ 4 G നെറ്റ് വർക്ക് വന്ന സമയത്ത് അത് വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഒന്നും കുറച്ചിട്ടില്ല. 2013-ൽ കൊടുത്തപ്പോൾ 100 MBPS ആക്കി ഉയർത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. ജില്ലകൾക്ക് 50 MBPS ഫ്രീ കണക്ടിവിറ്റിയും താലൂക്ക്,

ബ്ലോക്ക് എന്നിവയ്ക്ക് 10 MBPS-ഉം വേണമെന്നാണ്. രണ്ട് കിലോമീറ്ററുള്ള ഗവൺമെന്റ് ഓഫീസുകൾക്ക് സൗജന്യമായി കണക്ടിവിറ്റി കൊടുക്കണമെന്നാണ്. പി.ഡബ്ല്യു.ഡി., എൽ.എസ്.ജി.ഡി., ഐ.ടി. തുടങ്ങിയ വകുപ്പുകളിലെ സെക്രട്ടറിമാരടങ്ങുന്ന കമ്മിറ്റി പരിശോധിച്ചുമാത്രമേ ഇക്കാര്യങ്ങൾ ചെയ്യുകയുള്ളൂ. മറ്റൊരു റെക്കമെന്റേഷനോ നിർദ്ദേശങ്ങളോ എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അഥവാ ഉണ്ടെങ്കിലും അതൊന്നും അംഗീകരിക്കുകയില്ല. സൗജന്യ കണക്ടിവിറ്റി ഗവൺമെന്റ് സ്കൂളുകൾക്കുള്ള ആവശ്യം നോക്കി മാത്രമേ കൊടുക്കുകയുള്ളൂ. 2010-ലെ ഗൈഡ്ലൈൻ ഭേദഗതി ചെയ്തിട്ടില്ല. ഇപ്പോൾ റിലയൻസിന് കൊടുത്തതുപോലെ, 4 G-യ്ക്ക് ആരെങ്കിലും അപേക്ഷിച്ചാൽ കമ്മിറ്റി പരിശോധിച്ചതിനുശേഷം എല്ലാവർക്കും കൊടുക്കുമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. റോഡ് കട്ട് ചെയ്യുന്ന പ്രശ്നം വളരെ ഗൗരവമുള്ളതാണ്. പ്രായോഗികമായി ഒരുപാട് ഇഷ്യൂസ് ഇക്കാര്യത്തിലുണ്ട്. പൊതുമരാമത്ത് വകുപ്പുമായി കോ-ഓർഡിനേറ്റ് ചെയ്ത് ഇക്കാര്യം വളരെ ഗൗരവത്തിലെടുത്ത് പരിഹാരമുണ്ടാക്കാം.

2. കടൽത്തീരം സംരക്ഷിക്കൽ

10.46 AM]

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരിയിലുള്ള കടൽത്തീരം വളരെ വിസ്തൃതമായ കടൽത്തീരമായിരുന്നു. എന്നാൽ കടലാക്രമണംമൂലം ക്രമേണ കടൽത്തീരം പൂർണ്ണമായി ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കടലാക്രമണംമൂലം കടൽതീരത്തിനടുത്തുള്ള തലശ്ശേരിയിലെ ഗവൺമെന്റ് ആശുപത്രിയുടെ സുരക്ഷിതത്വത്തിനുപോലും ഭീഷണി നേരിടുന്ന സ്ഥിതിവിശേഷമാണുള്ളത്. പഴയ കടൽപ്പാലം പൂർണ്ണമായും നശിക്കുന്ന സ്ഥിതിയിലേയ്ക്ക് എത്തിയിട്ടുണ്ട്. തലായിയിലുള്ള ഫിഷിംഗ് ഹാർബർ നിർമ്മാണം പൂർത്തിയാകുന്ന സ്ഥിതി വന്നപ്പോഴാണ് ഇത്തരത്തിലുള്ള പുതിയ സ്ഥിതിവിശേഷം വന്നതെന്നുള്ള ആക്ഷേപവും ഉയർന്നുവന്നിട്ടുണ്ട്. ശാസ്ത്രീയമായ പഠനം നടത്തി ഈ കടൽത്തീരം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കടലോരവാസികളാകെ ആവശ്യപ്പെടാൻ തുടങ്ങിയിട്ടുണ്ട്. മാത്രമല്ല, കടൽത്തീരത്ത് താമസിക്കുന്ന വീട്ടുകാരുടെ സുരക്ഷിതത്വത്തിന് ഭീഷണിയുമുണ്ട്. അവിടത്തെ മത്സ്യവ്യവസായ സ്ഥാപനങ്ങളും ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് ഗുരുതരമായ പ്രശ്നമായി കണ്ട് കടൽത്തീരം സംരക്ഷിക്കാനും ഭാവിയിൽ സുരക്ഷിതത്വം ഉറപ്പുവരുത്താനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly